# PARENT TEACHER ASSOCIATION

## GOVERNMENT ENGINEERING COLLEGE, TRICHUR


**President**

Dr.K P Satish, Principal

**Vice President**

Shri. Suresh Chandran V P

**Secretery**

Dr. Sivan P P

Asst. Professor, CE

**Joint secretary**

Sri. Adv. Anilkumar V N

**Treasurer**

Prof. Ajeesh K N

Asst. Professor,CH


GEC/PTA/QN.2/2023 12-06-2023

**QUOTATION**

Quotations are invited to run a mess for dining 300 girls students using the facilities available at the present ladies hostel Dining hall. The details and terms of conditions with regard to this is attached herewith.

Final date of submission of quotation: - 30/06/2023- 3.00 Pm

**Hostel Warden** **PTA President** **PTA Secretary**

Information Passed to

1. PTA Notice Board
2. College Notice Board
3. Hostel Notice Boards
4. College Web site


Contact: Government Engineering College. P.O, Thrissur District, Kerala State, PIN-680 009,INDIA
Phone: 0487-2337294, 09809631256, Mail: ptasecretarygec@gmail.com, Fax: 0487-2336124
www.gectcr.ac.in

# മെസ്സ്മെനു

| | Breakfast | Lunch | Tea | Dinner |
|---|---|---|---|---|
| തിങ്കൾ | ഉപ്പ്മാവ്, ചെറുപയർകറി, ബ്രെഡ്, ജാം, ചായ | ചോറ്, സാമ്പാർ, മെഴുക്ക്പുരട്ടി, പച്ചടി, അച്ചാർ, പപ്പടം, രസം | ഉഴുന്ന്‌വട (പരിപ്പ്‌വട) ചായ | ചിക്കൻബിരി… സലാഡ്, അച്… [Veg: കോളിഫ്ല… പൈനാപ്പി… |
| ചൊവ്വ | വെള്ളേപ്പം, ഗ്രീൻപീസ്കറി, ചായ | ചോറ്, സാമ്പാർ, അവിയൽ, തോരൻ, അച്ചാർ, പപ്പടം, രസം. | സമോസ, (കേസരി) ചായ | ചപ്പാത്തി, ചിക്കൻകറി [Veg: കുറുമ, ഗ്രീൻപീസ്ക… |
| ബുധൻ | പുട്ട്, കടലകറി, ചായ | ചോറ്, തക്കാളികറി, മസാലകറി, തോരൻ, അച്ചാർ, പപ്പടം, രസം | പഴംപൊരി, ചായ | ചോറ്, മോരു… (തീയൽ), മീൻ… (മീൻവറുത്ത… മെഴുക്കുപുര… അച്ചാർ, രസ… [Veg: ഗ്രീൻപീ… |

| | | | | |
|---|---|---|---|---|
| വ്യാഴം | ഇഡ്ഢലി, ചട്ണി/സാമ്പാർ, ചായ | ചോറ്, സാമ്പാർ, എരിശ്ശേരി/ കൂട്ടുകറി, മെഴുക്കുപുരട്ടി, അച്ചാർ, പപ്പടം, രസം. | പരിപ്പ്വട, ചായ (കോക്കനട്ട്ബൺ) | ചിക്കൻബിരി… സലാഡ്, അച്ചാർ [Veg: കോളിഫ്ല… ചൈനാചി… |
| വെള്ളി | നൂലപ്പം, വെള്ളക്കടലക്കറി, ചായ | ചോറ്, [illegible]/മോരുകറി, മെഴുക്ക്പുരട്ടി, തോരൻ, അച്ചാർ, പപ്പടം, രസം | സുഖിയൻ, ചായ (പഴംപൊരി, [illegible]) | ചോറ്, മോരു… കടല, തോരൻ… അച്ചാർ, പ… രസം. |
| ശനി | പൂരി, മസാലക്കറി, ചായ | ചോറ്, സാമ്പാർ, അവിൽ, മെഴുക്ക്പുരട്ടി, അച്ചാർ, പപ്പടം, രസം. | ചായ, പരിപ്പ്വട (ബോണ്ട) | ചോറ്, പരി… മുട്ടറോസ്റ്റ്, … [Vegകറി] അ… രസം. |
| ഞായർ | മസാലദോശ, ചട്ണി, ചായ | ചോറ്, തക്കാളിക്കറി, ചിക്കൻകറി, തോരൻ, അച്ചാർ, രസം, പപ്പടം (Vegകോളിഫ്ലവർ/ സോയാബീൻ) | ബൺ ചായ (ഉള്ളിവട) | ചോറ്, മോരു… കടല/വൻപ… തോരൻ, അച്ചാ… രസം. |

1. മെസ്സാവശ്യത്തിനുള്ള വൈദ്യുതി, വെള്ളം എന്നിവ ഹോസ്റ്റലിൽ ലഭിക്കുന്നതും ആയതിന് താരിഫ് കരാറുകാരൻ അടക്കേണ്ടതുമാണ്. കരാറുകാരന് മെസ്സ് നടത്തുന്ന മാസങ്ങളിൽ കെട്ടിട വാടക, വൈദ്യുതി, വെള്ളം എന്നീ ഇനത്തിലേക്കായി 3000 രൂപ അടക്കേണ്ടതാണ്. വൈദ്യുതി, വെള്ളം എന്നിവ ദുരുപയോഗം ചെയ്യാൻ പാടുള്ളതല്ല.
2. മെസ്സിലേക്കാവശ്യമായ പലചരക്ക്, പച്ചക്കറി, മൽസ്യ മാംസ അനുബന്ധ സാധനങ്ങൾ, ഗ്യാസ് സിലിണ്ടർ, പാൽ എന്നിവ ഗുണനിലവാരം ഉറപ്പു വരുത്തി കരാറുകാരന് സ്വന്തം ഉത്തരവാദിത്തത്തിൽ ഉപയോഗിക്കേണ്ടതാണ്. ഗ്യാസ് സിലിണ്ടർ ഒന്നിൽ കൂടുതല് മെസ്സിൽ സൂക്ഷിക്കാൻ പാടുള്ളതല്ല. കാലാവധി കഴിഞ്ഞ സാധനങ്ങൾ ഒന്നും മെസ്സിൽ സുക്ഷിക്കരുത്. മെസ്സ് മെനുവിൽ ഉൾപ്പെടുന്ന എല്ലാ ഭക്ഷണ സാധനങ്ങളും മെസ്സില് തന്നെ പാചകം ചെയ്യേണ്ടതും പാചകത്തിനാവശ്യമായ പാത്രങ്ങൾ, ഉപകരണങ്ങൾ എന്നിവ കരാറുകാരൻ സ്വന്തം ചെലവിൽ ഹോസ്റ്റൽ മെസ്സിൽ ഉപയോഗപ്പെടുത്തേണ്ടതാണ്.
3. തന്നിരിക്കുന്ന മെനു പ്രകാരമുള്ള ഉയർന്ന നിലവാരമുള്ള ഭക്ഷണം നിയന്ത്രണങ്ങളില്ലാതെ താഴെ സൂചിപ്പിച്ച സമയക്രമത്തിൽ നൽകേണ്ടതും സ്നാക്സ്, പപ്പടം എന്നിവ നിയന്ത്രണ വിധേയമായി വിതരണം ചെയ്യേണ്ടതുമാണ്. മെസ്സ് പ്രവർത്തന സമയത്ത് കരാറുകാരൻ നിർബ്ബന്ധമായും മെസ്സിലുണ്ടാകേണ്ടതാണ്. മെനുവിൽ മാറ്റാവുന്ന ചെറിയ മാറ്റങ്ങ കരാറുകാരനും ഹോസ്റ്റൽ കൌൺസിലും ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്.
4. മെസ്സ് സമയക്രമം-

   ബ്രേക്ക് ഫാസ്റ്റ്- 07.00 AM - 8.45 AM.

   ലഞ്ച് -12.00 PM - 1.30 PM.

   ഈവനിംഗ് ടീ - 3.30 PM - 05.00 PM.

   ഡിന്നർ - 6.30 PM - 08.00 PM.
5. മെസ്സ് കരാറുകാരൻ ഗുണമേന്മയുള്ളതും, പുതിയതുമായ ഭക്ഷണം മാത്രമേ വിതരണം ചെയ്യാവൂ. പാചകത്തിനുപയോഗിക്കുന്ന സാധനങ്ങൾ, പാചക ക്രമീകരണങ്ങൾ എന്നിവ ആവശ്യമാണെങ്കിൽ ഹോസ്റ്റൽ കൌൺസിലിനോ ബന്ധപ്പെട്ട പ്രതിനിധിക്കോ പരിശോധിക്കുന്നതിനുള്ള സൌകര്യം ചെയ്ത് കൊടുക്കേണ്ടതുമാണ്. ഇതിന് വിരുദ്ധമായ പ്രവൃത്തികൾ ശ്രദ്ധയിൽ പെട്ടാൽ മറ്റൊരവസരവും നൽകാതെ യാതൊരു നഷ്ടപരിഹാരവും നൽകാതെ കരാർ റദ്ദാക്കുന്നതും ഉണ്ടാകുന്ന നഷ്ടങ്ങൾക്ക് കരാറുകാരൻ മാത്രം ബാധ്യസ്ഥനാകുന്നതുമാണ്.

6. കരാറുകാരൻ ലേബർ/ആരോഗ്യചട്ടങ്ങൾ/നിയമങ്ങൾ പാലിക്കേണ്ടതും ഏതെങ്കിലും സാഹചര്യത്തിൽ പിഴ, ശിക്ഷ എന്നിവ വന്നാൽ പരിപൂർണ്ണമായും കരാറുകാരന്റെ മാത്രം ഉത്തരവാദിത്വമായിരിക്കും. മെസ്സിൽ ജോലിക്കായി നിർത്തുന്നവരുടെ തിരിച്ചറിയൽ രേഖയുടെയും ഹെൽത്ത് സർട്ടിഫിക്കറ്റിന്റെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സമർപ്പിക്കേണ്ടതുമാണ്. സർവ്വീസ് ടാക്സ് സംബന്ധിച്ച വിഷയങ്ങളിലൊന്നും തന്നെ ഹോസ്റ്റൽ അഡ്മിനിസ്ട്രേഷനോ സർക്കാരിനോ യാതൊരു ബാധ്യതയുമുണ്ടാകുന്നതല്ല. കരാറുകാരൻ ഫുഡ് അഡൽടറേഷൻ നിയമം 1954 ന് വിധേയമായിരിക്കുന്നതാണ്.

7. അടുക്കള, മെസ്സ് ഹാൾ, മെസ്സ് പരിസരം എന്നിവ ശുചിയായി സൂക്ഷിക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. മെസ്സിലുണ്ടാകുന്ന അവശിഷ്ടങ്ങൾ അത് മൂലമുണ്ടാകുന്ന മലിനജലം എന്നിവ കരാറുകാരന്റെ ചെലവിൽ നീക്കം ചെയ്യേണ്ടതും അതിനായി സ്ഥാപിച്ചിട്ടുള്ള കാനകൾ , പൈപ്പുകൾ എന്നിവ കരാറുകാരൻ യഥാസമയം പരിപാലിക്കേണ്ടതുമാണ്. മെസ്സിലുപയോഗിക്കുന്ന പാത്രങ്ങൾ ഓരോ ഭക്ഷണ ശേഷവും ചൂടുവെള്ളമുപയോഗിച്ച് ശുചിയാക്കേണ്ടതും ഭക്ഷ്യ വിഷബാധയുണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതും അവിചാരിതമായി ഉണ്ടാവുകയാണെങ്കിൽ ഉണ്ടാവുന്നവരുടെ എല്ലാ ഹോസ്പിറ്റല് അനുബന്ധ ചെലവുകളും അവർ നഷ്ടപരിഹാരം ആവശ്യപ്പെടുകയാണെങ്കിൽ അതും കരാറുകാരൻ വഹിക്കേണ്ടതുമാണ്. മെസ്സിൽ ജോലി ചെയ്യുന്നവർ യൂണിഫോം ധരിക്കേണ്ടതും അവർക്ക് മെഡിക്കൽ ഫിറ്റ്നസ്സ് ഉണ്ടാകേണ്ടതുമാണ്.

8. മെസ്സിലുപയോഗപ്പെടുത്തുന്ന ജീവനക്കാരുടെ എണ്ണം വാർഡനുമായി ആലോചിച്ച് തീരുമാനിക്കേണ്ടതും ജീവനക്കാർ ഹോസ്റ്റൽ നിവാസികളോട് മാന്യമായി പെരുമാറേണ്ടതും മെസ്സിലോ പരിസരങ്ങളിലോ ലഹരി വസ്തുക്കൾ ഉപയോഗിക്കാൻ പാടില്ലാത്തതുമാകുന്നു. മെസ്സ് ജീവനക്കാർ യാതൊരു കാരണവശാലും മെസ്സിൽ താമസിക്കാൻ പാടുള്ളതല്ല. പ്രസതുത ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ആനുകൂല്യങ്ങൾ എന്നിവ കരാറുകാരന്റെ മാത്രം ഉത്തരവാദിത്തമായിരിക്കും.

9. വേക്കേഷൻ മെസ്സ് ആവശ്യമായി വരുന്ന പക്ഷം നടത്തുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. കരാർ വ്യവസ്ഥകളില് ആവശ്യം വരുന്ന മുറക്ക് മാറ്റം വരുത്താൻ ഹോസ്റ്റൽ കൗൺസിൽ കരാറുകാരനുമായി ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്.

10. കരാറുകാരൻ മെസ് അറ്റൻഡൻസ് യഥാസമയം സൂക്ഷിക്കേണ്ടതും വിദ്യാർത്ഥിനികളാവശ്യപ്പെട്ടാൽ പരിശോധനക്കായി നൽകേണ്ടതും പകർപ്പ് ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.
11. ഹോസ്റ്റൽ കൌൺസിൽ/വാർഡൻ/പി ടി എ സെക്രട്ടറി എന്നിവർ യഥാസമയം തരുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. ഹോസ്റ്റൽ കൌൺസിലോ വാർഡനോ വാർഡൻ നിയോഗിക്കുന്ന ഉദ്യോഗസ്ഥനോ മെസ്സിലുപയോഗിക്കുന്ന സാധനങ്ങളുടെ ഗുണനിലവാരം പലിശോധിക്കേണ്ടതാണ്.
12. പിഴയീടാക്കൽ

    മെസ്സിലുപയോഗിക്കുന്ന പലചരക്ക്, പച്ചക്കറി, മൽസ്യ-മാംസ അനുബന്ധ സാധനങ്ങൾ, മറ്റ് സാധനങ്ങൾ എന്നിവ മികച്ച ഗുണനിലവാരമുള്ളതായിരിക്കണം. മാത്രമല്ല മെനു കർശനമായി നടപ്പിലാക്കേണ്ടതുമാണ്. ഇതിൽ വീഴ്ച വരുത്തുന്ന ഓരോ തവണയും 2000 രൂപ പിഴയീടാക്കുന്നതാണ്.
13. ബില്ലിംഗ് ആന്റ് പേമെന്റ്

    കരാറുകാരൻ ഓരോ മാസത്തെയും മെസ്സ് ബിൽ തുക കണക്കാക്കി വിദ്യാർത്ഥിനികളിൽ നിന്ന് നേരിട്ട് കൈപ്പറ്റേണ്ടതാണ്.